കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. ഇതു കൂടാതെ എല്ലാ ജില്ലാ കൺട്രോൾ റൂമുകളിലും ഗുജറാത്തിലേക്ക് വസ്ത്രങ്ങൽ, മരുന്നുകൾ തുടങ്ങിയവ സ്വീകരിക്കുകയും ഗുജറാത്തിലേക്ക് അയയ്ക്കുകയും ചെയ്തു. സംസ്ഥാന-ആരോഗ്യ വകുപ്പുമന്ത്രിയും സെക്രട്ടറിയും ഗുജറാത്തിലെ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും ഗുജറാത്ത് സർക്കാരുമായും മലയാളി സംഘടനകളുമായും ചർച്ചകൾ നടത്തുകയും ചെയ്തു.

(ബി) സാമൂഹ്യക്ഷേമവകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സത്യനാരായണ ഡാഷിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഗുജറാത്തിലേക്ക് പോയത്. സംസ്ഥാന സർക്കാർ ഗുജറാത്ത് സർക്കാരിന് 2 കോടി രൂപ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. 25 ലക്ഷം രൂപയുടെ ടെന്റു മെറ്റീരിയൽസും കമ്പിളി വസ്ത്രങ്ങളും നൽകിയിട്ടുണ്ട്.

(സി) 48 മലയാളികൾ മരിച്ചതായി അനൗദ്യോഗിക വിവരം ലഭിച്ചിട്ടുണ്ട്. മറ്റ് വിവരങ്ങൾ ഇതുവരെ പൂർണ്ണമായി ലഭിച്ചിട്ടില്ല.

(ഡി-എഫ്) ഗുജറാത്തിൽ കുറെ വീടുകൾ വച്ച് നൽകുന്നതിന് ഗുജറാത്ത് സർക്കാരുമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗുജറാത്തിലെ ആദിപ്പൂർ, ഗാന്ധിധാം, അഞ്ചാർ എന്നീ സ്ഥലങ്ങളിലെ പൂർണ്ണമായി വീട് നശിച്ച മലയാളികൾക്കും മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും ആശ്രിതർക്കും തക്കതായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആ സ്ഥലങ്ങളിലെ മലയാളികളുടെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. അത് സർക്കാർ പരിശോധിച്ചു വരികയാണ്.

കേരളത്തിലുണ്ടായ ഭൂകമ്പങ്ങൾ

80 (81) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഈയിടെ ഉണ്ടായ ഭൂകമ്പത്തെക്കുറിച്ച് പഠിക്കുകയോ പഠന റിപ്പോർട്ട് ലഭിക്കുകയോ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ഏജൻസികളാണ് പഠനം നടത്തിയത് ; റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഇടുക്കി ജില്ലയിലെ പൈനാവാണ് ഭൂകമ്പത്തിന്റെ പ്രഭവ കേന്ദ്രമെന്നിരിക്കെ ജില്ലയിലെ ഡാമുകൾക്ക് ഭൂകമ്പങ്ങൾ ഭീഷണിയാകുമോ ;

(സി) ഭൂകമ്പ മാപിനിയിൽ എത്ര പരിമാണം രേഖിതമാക്കിയവയായിരുന്നു സംസ്ഥാനത്തെ ഭൂചലനങ്ങൾ ;

(ഡി) ഇടുക്കി, മുല്ലപ്പെരിയാർ ഡാമുകൾക്ക് ഭൂകമ്പമാപിനിയിൽ എത്ര പരിമാണം വരെ രേഖപ്പെടുത്തുന്ന ചലനങ്ങൾ അപകടമായിരിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ ഭൂകമ്പ സാദ്ധ്യതകൾ കണക്കിലെടുത്ത് നിലവിൽ സംസ്ഥാനത്തുള്ള ഫ്ളാറ്റുകളുടെ ഉറപ്പ് പരിശോധിക്കുവാനും ഫ്ളാറ്റ് നിർമ്മാണത്തിൽ ഭൂചലന പ്രതിരോധ നിർമ്മാണ സാങ്കേതിക വിദ്യ ഉപയോഗിക്കാനുതകും വിധം വ്യവസ്ഥ കൊണ്ടുവരാനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ഭൂതലപഠനകേന്ദ്രം ഇക്കാര്യങ്ങളെക്കുറിച്ച് പഠിച്ചുവരുകയാണ്. റിപ്പോർട്ട് തയ്യാറായിട്ടില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പും പഠനം നടത്തുന്നുണ്ട്.

(സി) ഇടുക്കിയിലെ ഭൂചലനത്തിന്റെ തോത് റിച്ചർ സ്കെയിലിൽ '5'ഉം അതേതുടർന്ന് ഈരാറ്റുപേട്ട, പാല മേഖലയിലുണ്ടായത് '4.8'ഉം രേഖപ്പെടുത്തിയിരുന്നു.

(ഡി&ഇ) ഇതു സംബന്ധിച്ച വിശദമായ പഠന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

പോലീസ് സേനാംഗങ്ങളുടെ റാങ്ക് തിരിച്ചുള്ള എണ്ണം

81 (82) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :-

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന പോലീസ് സേനയിൽ എത്ര പേരുണ്ടായിരുന്നു ;

(ബി) ഇപ്പോൾ എത്ര പേരുണ്ട് ; സംസ്ഥാന പോലീസ് സേനയിലെ വിവിധ വിഭാഗങ്ങളിൽ ഉള്ളവരുടെ റാങ്ക് തിരിച്ചുള്ള എണ്ണം നൽകുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന പോലീസ്സേനയ്ക്ക് ഒരു വർഷത്തെ ശമ്പളമിനത്തിൽ വേണ്ടിവന്നിരുന്ന ചെലവെത്രയാണ് ; ഇപ്പോൾ സംസ്ഥാന പോലീസ് സേനയ്ക്ക് ശമ്പളമിനത്തിൽ ഒരു വർഷത്തേയ്ക്ക് വേണ്ടി വരുന്ന ചെലവ് എത്രയാണ് ;

(ഡി) സംസ്ഥാനത്ത് എത്ര ഡി.ജി.പി.മാർ, ഐ.ജി.മാർ, ഡി.ഐ.ജി.മാർ, എസ്.പി.മാർ, അഡീഷണൽ ഡി.ജി.പി.മാർ എന്നിവരുണ്ടെന്ന് പറയുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന പോലീസ്സേനയുടെ അനുവദിക്കപ്പെട്ട അംഗബലം 43239 ആയിരുന്നു.

(ബി) ഇപ്പോഴത്തെ അംഗബലം റാങ്ക് തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാന പോലീസ് സേനയ്ക്കുവേണ്ടി 1995-96 വർഷത്തിൽ ശമ്പളമിനത്തിൽ 2,06,37,90,540 രൂപ ചെലവു വന്നു. 1999-2000-ൽ ഒരു വർഷം ശമ്പളയിനത്തിൽ വേണ്ടി വന്ന ചെലവ് 3,82,00,80,000 രൂപയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly